**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 ഓഗസ്റ്റ് 21 ബുധൻ

# ജില്ലയിൽ എട്ടു ക്യാമ്പുകൾ മാത്രം: 597 അന്തേവാസികൾ

ആലപ്പുഴ: ജില്ലയിൽ മഴക്കെടുതിയുടെ ഭാഗമായി തുടങ്ങിയ ദുരിതാശ്വാസ ക്യാമ്പുകളിൽ ഇനി അവശേഷിക്കുന്നത് എട്ടു ക്യാമ്പുകൾ മാത്രം. ചെങ്ങന്നൂർ, കുട്ടനാട് താലൂക്കുകളിലായി ര ു വീതവും കർത്തികപ്പള്ളയിൽ മൂന്നും ചേർത്തലയിൽ ഒന്നും വീതമാണ് ഇനി ക്യാമ്പുകൾ. 177 കുടുംബങ്ങളിലെ 597 അന്തേവാസികളാണ് ഇവയിലായിള്ളത്.ഇതിൽ 209 പുരഷന്മാരും 282 സ്ത്രീകളും 106 കുട്ടികളും ഉൾപ്പെടുന്നു.

# അസാപ്പിന്റെ 'ഷീ സ്കിൽസ്' പദ്ധതിയിൽ തൊഴിൽനൈപുണ്യ പരിശീലനം

ആലപ്പുഴ:അസാപ് ആരംഭിക്കുന്ന 'ഷീ സ്കിൽസ്' പദ്ധതിയിലൂടെ പതിനഞ്ചു വയസിനു മുകളിലുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസന കോഴ്സുകളിൽ ചേരാൻ ജില്ലയിൽ അവസരം. സെപ്റ്റംബറിൽ പരിശീലനം തുടങ്ങാനാണ് ലക്ഷ്യമിടുന്നത്.

150 മണിക്കൂർ മുതലുള്ള കോഴ്സുകളിലാണ് അസാപ് പരിശീലനം നൽകുന്നത്. അസാപ്പിന്റെ തെരെഞ്ഞെടുക്കപ്പെട്ട ട്രെയിനിങ് സർവീസ് പ്രൊവൈഡർ വഴി ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ പരിശീലനം നൽകും.പരിശീലനത്തിന് ശേഷം ക്വാളിഫിക്കേഷൻ പരീക്ഷയും കോഴ്സുമായി ബന്ധപ്പെട്ട മേഖലയിലെ തൊഴിലിടങ്ങളിൽ ഇന്റേൺഷിപ്പിനു അവസരവും ഉ ാകും.

ഷീ സ്കിൽസിനു ഇൻസെന്റീവ് ലിങ്ക്ഡ് ഫീ ഘടന ആയിരിക്കും. എ പി എൽ - ജനറൽ കാറ്റഗറിയിലുള്ള വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസിൽ 50 ശതമാനം

സബ്സിഡി ഇളവും നൽകുന്നു ്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ, ബി പി എൽ കുടുംബങ്ങളിൽ നിന്നുള്ളവർ, ക്രീമിലയറിൽ ഉൾപ്പെടാത്ത എസ് ഇ ബി സി അപേക്ഷകർ എന്നിവർക്ക് പരിശീലനം നിബന്ധനകൾക്ക് വിധേയമായി സൗജന്യമാണ്. അപേക്ഷകൾ സമർപ്പിക്കേ ത് പൂർണമായും ഓൺലൈനിലൂടെ ആയിരിക്കും.കുടുംബശ്രീ അംഗങ്ങൾ, വനിതാ സംഘങ്ങൾ, വീട്ടമ്മമാർ, പഠനം പൂർത്തിയാക്കിയ പെൺകുട്ടികൾ തുടങ്ങിയവർക്ക് അപേക്ഷിക്കാം.

ജില്ലയിലെ അസാപ് സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ, അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ സ്വന്തമായി www.asapkerala.gov.in എന്ന വെബ്സൈറ്റിലെ http://mis.asapkerala.gov.in/asap/admission/initStandardStudentApplicationForm?stdMasterInfoId=11&isOpen=1 എന്ന ലിങ്ക് വഴിയോ അപേക്ഷിക്കാം.രജിസ്ട്രേഷൻ സ്ലിപ്പിന്റെ പ്രിന്റ് ഔട്ട് സൂക്ഷിക്കണം.സംസ്ഥാനത്ത്എവിടെയുമുള്ള അപേക്ഷകർക്ക് ഇഷ്ടമുള്ള കോഴ്സും കേന്ദ്രവും യോഗ്യതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കാം. അപേക്ഷ ഫീസ് പൂർണമായും സൗജന്യമാണ്. അപേക്ഷിക്കുന്നവരിൽ നിന്നും പരിശീലന ഏജൻസിയും അസാപ്പും ചേർന്ന് തെരഞ്ഞെടുപ്പ് നടത്തും. ഓഗസ്റ്റ് 31 ആണ് അപേക്ഷിക്കാനുള്ള അവസാന തീയതി .

ജില്ലയിലെ 'ഷി സ്കിൽസ്'കേന്ദ്രങ്ങളും കോഴ്സുകളും അടിസ്ഥാന യോഗ്യതയും ബന്ധപ്പെടേ നമ്പറുകളും:

മാവേലിക്കര- റീടെയ്ൽ ട്രെയിനി അസ്സോസിയേറ്റ് (യോഗ്യത:പത്താം തരം), ഓർഗാനിക് ഗ്രോവർ-കാർഷിക മേഖല (യോഗ്യത:പത്താം തരം)- 8086908854

ആലപ്പുഴ - ഫ്ര ് ഓഫീസ് അസ്സോസിയേറ്റ് (യോഗ്യത:പന്ത്ര ാം തരം), അസിസ്റ്റന്റ് ബ്യൂട്ടി തെറാപ്പിസ്റ്റ് (യോഗ്യത:പത്താം തരം)- 9746808421

അങ്ങാടിക്കൽ :ജി എസ് ടി അക്കൗ ്സ് അസിസ്റ്റന്റ് (ബി കോം, ബി.ബി.എ , ബി.എ.എക്കണോമിക്സ് ) 9961595448

കായംകുളം: മോഡലെർ-അനിമേഷൻ മേഖല (എട്ടാം തരം), അക്കൗ ്സ് എക്സിക്യൂട്ടീവ് (ബി കോം, ബി.ബി.എ , ബി.എ എക്കണോമിക്സ് ),ജി.എസ്. ടി അക്കൗ ്സ് അസിസ്റ്റന്റ് (ബി കോം, ബി.ബി.എ , ബി.എ എക്കണോമിക്സ് )8304831445

ഹരിപ്പാട് -അസിസ്റ്റന്റ് ബ്യൂട്ടി തെറാപ്പിസ്റ്റ് (പത്താം തരം)- 8156802191

കഞ്ഞിക്കുഴി- കോമ്പോസിറ്റർ-അനിമേഷൻ മേഖല (എട്ടാം തരം) , ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്-ഹെൽത്ത് കെയർ മേഖല (പത്താം തരം)-8086682496

പട്ടണക്കാട്- അക്കൗ ്സ് എക്സിക്യൂട്ടീവ് (ബി കോം, ബി.ബി.എ , ബി.എ എക്കണോമിക്സ് യോഗ്യത),
ജി.എസ്. ടി അക്കൗ ്സ് അസിസ്റ്റന്റ് (ബി കോം, ബി.ബി.എ , ബി.എ എക്കണോമിക്സ് യോഗ്യത), ഹോം ഹെൽത്ത് എയ്ഡ്- ഹെൽത്ത് കെയർ മേഖല (പത്താം തരം)-7025650203

ചന്തിരൂർ- ഹോം ഹെൽത്ത് എയ്ഡ്- ഹെൽത്ത് കെയർ മേഖല (പത്താം തരം),

അനിമേറ്റർ -അനിമേഷൻ മേഖല (എട്ടാം തരം), ഹാൻഡ് എംബ്രോയ്ഡർ-അപ്പാരൽ മേഖല (പത്താം തരം)-8078020346

അമ്പലപ്പുഴ -ഫ്ര ് ഓഫീസ് അസ്സോസിയേറ്റ് (പന്ത്ര ാം തരം), റീറ്റെയ്ൽ ട്രെയിനീ അസ്സോസിയേറ്റ് (പത്താം തരം)-9656002411

കുട്ടനാട്- ക്രാഫ്റ്റ് ബേക്കർ-ബേക്കറി മേഖല (പത്താം തരം)-7012587144.

# ഒറ്റത്തവണ തീർപ്പാക്കൽ

ആലപ്പുഴ: വ്യവസായ വകുപ്പ് മുഖേന എടുത്ത മാർജിൻ മണി വായ്പ കുടിശിക അടച്ചു തീർക്കാൻ കഴിയാതിരുന്ന വ്യവസായ സംരഭകരെ സഹായിക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചു. നവംബർ ഏഴ് വരെയുള്ള കാലയളവിൽ നിബന്ധനകൾക്ക് വിധേയമായി വായ്പ കുടിശിക തീർപ്പാക്കാം. പിഴ പലിശ പൂർണ്ണമായും ഒഴിവാക്കും.ആറ് ശതമാനം പലിശ കണക്കാക്കുന്നതും പലിശയുടെ 50%ഇളവുചെയ്യുന്നതുമാണ്. കണക്കാക്കുന്ന പലിശ,മുതൽ തുകയെക്കാൾ അധികരിക്കുന്ന പക്ഷം മുതൽ തുകയ്ക്ക് തുല്യമായി പലിശ തുക നിജപ്പെടുത്തും.ഇങ്ങനെ കണക്കാക്കുന്ന വായ്പ കുടിശ്ശിക തുകയുടെ 50%ആദ്യ ഗഡുവായി നവംബർ ഏഴിനകം അടയ്ക്കണം.ബാക്കി കുടിശ്ശിക ഒരുവർഷത്തിനകം ര ു ഗഡുക്കളായി അടച്ച് ലോൺ അക്കൗ ് തീർപ്പാക്കാം.വിശദ വിവരങ്ങൾ 0477-2251272 നമ്പറിൽ ലഭിക്കും.

# ജില്ല വികസന സമതി യോഗം സെപ്റ്റംബർ ര ിന്

ആലപ്പുഴ: ജില്ലയിലെ വികസന പ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ എന്നിവ അവലോകനം ചെയ്യുന്നതിനുള്ള ഓഗസ്റ്റിലെ വികസന സമതി യോഗം ഓഗസ്റ്റ് 31നു നെഹ്റു ട്രോഫി വള്ളംകളി നടക്കുന്നതിനാൽ സെപ്റ്റംബർ ര ിനാണ് ചേരുക. രാവിലെ 11ന് ജില്ല കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും.അന്നേദിവസം രാവിലെ 10.30നു മുന്നൊരുക്ക യോഗം ജില്ലാകളക്ടറുടെ ചേംബറിൽ കൂടും.

# ടെലിവിഷൻ ജേർണലിസം അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ:കെൽട്രോൺ നടത്തുന്ന ടെലിവിഷൻ ജേർണലിസം കോഴ്സിന്റെ 2019 -2020 ബാച്ചിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ബിരുദധാരികൾക്കും അവസാന വർഷ ബിരുദഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം.

പ്രായ പരിധി 30 വയസ് . മാധ്യമ സ്ഥാപനങ്ങളിൽ പരിശീലനം , ഇന്റേൺഷിപ് , പ്ലേസ്മെന്റ് സഹായം എന്നിവ നിബന്ധനകൾക്ക് വിധേയമായി ലഭിക്കും.പ്രിന്റ് ജേർണലിസം ,ഓൺലൈൻ ജേർണലിസം, മൊബൈൽ ജേർണലിസം എന്നിവയിൽ

പരിശീലനമു ാകും .വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുമായി തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കാം.

ksg.keltron.in വെബ്സൈറ്റിലും അപേക്ഷാ ഫോം ലഭിക്കും .ക്ലാസ്സുകൾ ഉടൻ ആരംഭിക്കും. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമറ്റഡ് (കെ.എസ്.ഇ.ഡി.സി ലിമറ്റഡ്) എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 200 രൂപയുടെ ഡി.ഡി സഹിതം പൂരിപ്പിച്ച അപേക്ഷ സെപ്റ്റംബർ 30 നകം സെന്ററിൽ ലഭിക്കണം . വിലാസം: കെൽട്രോൺ നോളജ് സെന്റർ, സെക്കൻഡ് ഫ്ളോർ, ചെമ്പിക്കലം ബിൽഡിങ്, ബേക്കറി ജംഗ്ഷൻ , വിമൻസ് കോളേജ് റോഡ് , വഴുതക്കാട്, തിരുവനന്തപുരം, 695014. വിശദവിവരങ്ങൾക്ക് ഫോൺ: 8137969292.